4. പുതിയ നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ കൈന്നൂർ പന്നി വളർത്തൽ കേന്ദ്രത്തിൽ ബോർഡ് ഇനി നടത്തുന്നതല്ല.

5. ഫാം മാറ്റുന്നതിനുള്ള സ്ഥലം നിർദ്ദേശിക്കുന്ന മുറയ്ക്ക് അവിടെ ഫാം മാറ്റി സ്ഥാപിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

6. പുതിയ ഫാം സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ നൽകുന്നതാണ്.

(സി) 1. ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് ഫെബ്രുവരി 14-ാം തീയതി കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

2. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നു.

3. പന്നി വളർത്തൽ കേന്ദ്രത്തിലെ പന്നികളുടെ എണ്ണം കുറച്ചു കൊണ്ടിരിക്കുന്നു.

പക്ഷിപ്പനി തടയുവാൻ നടപടി

77 [1016] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പക്ഷിപ്പനി ബാധിച്ച എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ദേശാടന പക്ഷികളുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം നടത്തുന്നതിനും റിപ്പോർട്ട് പഠന വിധേയമാക്കുന്നതിനുമുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സംവിധാനം ശക്തവും വ്യാപകവുമാക്കുമോ ;

(ഡി) പക്ഷിപ്പനി തടയുന്നതിലേക്കായി പ്രതിരോധ മരുന്നുകൾ എവിടെയെല്ലാം ലഭ്യമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ദേശാടന പക്ഷികൾ സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ട് കണ്ടാൽ സാമ്പിളുകൾ ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലബോറട്ടറിയിലേക്ക് അയയ്ക്കുകയാണ് ചെയ്യാറ്. ഇൻഡ്യയിൽ ഈയൊരു ലബോറട്ടറി മാത്രമേയുള്ളൂ പക്ഷിപ്പനി സ്ഥിരീകരിക്കുന്നതിന്. മറ്റ് രോഗങ്ങളാണോ എന്ന് പരിശോധിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ നാല് റീജിയണൽ ലബോറട്ടറികളിലും ജില്ലാ ലബോറട്ടറികളിലും സൗകര്യമുണ്ട്.

(സി) പക്ഷിപ്പനി നിരീക്ഷണ സംവിധാനം ഇപ്പോൾ തന്നെ കേരളത്തിൽ ശക്തമാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശവും സഹായവും ലഭിച്ചാൽ സംസ്ഥാനത്ത് വച്ച് തന്നെ ഈ പരിശോധനാ സംവിധാനം സാദ്ധ്യമാകും. ഇപ്പോൾ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് രോഗ നിരീക്ഷണത്തിനാവശ്യമായ സാമ്പിളുകൾ ശേഖരിച്ച് അയയ്ക്കുകയും മറ്റ് രോഗങ്ങൾ സ്ഥിരീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പക്ഷിപ്പനി പക്ഷികളിൽ തടയുന്നതിനുള്ള പ്രതിരോധ മരുന്ന് ലഭ്യമല്ല. മനുഷ്യരിൽ പ്രതിരോധ മരുന്നുകൾ ലഭ്യമാണ്.

കയർ മേഖലയുടെ അരക്ഷിതാവസ്ഥ മാറ്റുവാൻ നടപടി

78 [1017] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്ന കയർ മേഖലയിലെ തൊഴിലാളികളുടെ അരക്ഷിതാവസ്ഥ മാറ്റുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൻമേൽ കൈക്കൊണ്ട നടപടി വിശദമാക്കുമോ ; എന്നത്തേക്ക് ആയതിൻപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കും എന്ന് വെളിപ്പെടുത്തുമോ ;

(സി) യന്ത്രവൽകൃത റാട്ടുകളും മറ്റ് സാമഗ്രികളും കയർ മേഖലയ്ക്ക് അടിയന്തിരമായി വിതരണം ചെയ്യുമോ ?

ഉത്തരം

(എ) കയർ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കും കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനും നടപ്പാക്കിയ പദ്ധതികളുടെ വിവരണം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) ഇപ്രകാരം ഒരു നിവേദനം സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(സി) തൊഴിലില്ലാത്ത വനിതാ കയർ തൊഴിലാളികൾക്ക് കയർ പിരിക്കുന്നതിൽ പരിശീലനം നൽകാനും മഹിളാ കയർ യോജന പദ്ധതി പ്രകാരം 12000 സ്ത്രീ തൊഴിലാളികൾക്ക് 1/4 HP പരമ്പരാഗത റാട്ടുകൾ സൗജന്യമായി നൽകാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിനു പുറമേ ഈ വർഷം മാർച്ച് മാസത്തോടെ 18000 പേർക്ക് റാട്ടുകൾ സൗജന്യമായി നൽകാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ട്രെയിനിംഗ് ലഭിച്ചവരെ അടുത്ത വർഷം സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുമ്പോൾ അതിൽ ഉൾപ്പെടുത്തി സ്വയം തൊഴിൽ കണ്ടെത്താനും സഹായിക്കുന്നതാണ്.

പഞ്ചായത്ത് രാജ് സംവിധാനത്തിന് അവാർഡ്

79 [1018] ശ്രീ. കളത്തിൽ അബ്ദുള്ള :
,, സി. ടി. അഹമ്മദ് അലി :
,, പി. കെ. അബ്ദു റബ്ബ് :
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന് എന്തെങ്കിലും അവാർഡ് ലഭിച്ചിട്ടുണ്ടോ ;

† അനുബന്ധം XI

GPM. 2/153/2013—15

LIBRARY ARCHIVES Kerala Legislative Assembly